പതിനാലാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2863

13-03-2018-ലെ

മറുപടിയ്ക്ക്

# ആധുനിക കൃഷിരീതികൾ പ്രോത്സാഹിപ്പിക്കാൻ നടപടി

ചോദ്യം

**ശ്രീ.വി. അബ്ദുറഹിമാൻ**

മറുപടി

ശ്രീ.വി.എസ്.സുനിൽ കുമാർ

(കൃഷി വകുപ്പ് മന്ത്രി)

**(എ)** നഗരവത്ക്കരണം വർദ്ധിച്ച വരുന്ന കേരളത്തിൽ ആധുനിക രീതിയിലുള്ള കൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി ഈ സർക്കാർ നിലവിൽ നടപ്പിലാക്കി വരുന്ന പദ്ധതികൾ എന്തൊക്കെയാണ്; വിശദവിവരങ്ങൾ ലഭ്യമാക്കുമോ ;

**(എ)** പ്രതിശീർഷ ഭൂവിസ്തൃതി കുറഞ്ഞുവരുന്നതും, നഗരവത്ക്കരണം വർദ്ധിച്ചുവരുന്നതുമായ ഈ കാലഘട്ടത്തിൽ ആധുനിക രീതിയിലുള്ള കൃഷിരീതി പ്രോത്സാഹിപ്പിക്കുന്നതിനായി ഈ സർക്കാർ വിവിധ പദ്ധതികൾ നടപ്പിലാക്കുന്നു. പച്ചക്കറി കൃഷി വികസന പദ്ധതി പ്രകാരം താഴെപ്പറയുന്ന പദ്ധതികൾ നടപ്പിലാക്കുന്നു.

1. മട്ടുപ്പാവിലെ കൃഷി പ്രോത്സാഹനം
2. സൂക്ഷ്മ ജലസേചനവും ജലസേചനം വഴിയുള്ള വളപ്രയോഗവും
3. മിനി പോളിഹൗസുകളുടെ പ്രോത്സാഹനം
4. മഴമറ കൃഷി

**(ബി)** സ്ഥലപരിമിതി പരിഗണിച്ച് മട്ടുപ്പാവിലെ കൃഷി, ഹൈഡ്രോപോണിക്സ് തുടങ്ങിയ ആധുനിക കൃഷി രീതികൾ പ്രോത്സാഹിപ്പിക്കാൻ എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

**(ബി)** മട്ടുപ്പാവുകളിൽ ഗ്രോബാഗിലുള്ള പച്ചക്കറി കൃഷിയ്ക്ക് പച്ചക്കറി തൈകൾ നട്ടുപിടിപ്പിച്ച ഗ്രോബാഗുകൾ 75% സൗജന്യനിരക്കിൽ നൽകിവരുന്നു.

മട്ടുപ്പാവിലെ കൃഷി പ്രോത്സാഹിപ്പിക്കുന്നതിന് വേണ്ടി 2017-18 സാമ്പത്തിക വർഷത്തിൽ സമഗ്ര പച്ചക്കറി വികസന പദ്ധതി മുഖേന നടത്തിയ പ്രവർത്തനങ്ങൾ താഴെ ചേർക്കുന്നു.

1) പച്ചക്കറി തൈകൾ നട്ടുപിടിപ്പിച്ച 25 വീതം ഗ്രോബാഗുകളടങ്ങിയ 37000 ഗ്രോബാഗ് യൂണിറ്റുകൾ (1 യൂണിറ്റിന് 1,500/- രൂപ

ധനസഹായം) വിതരണം നടത്തിയിട്ടുണ്ട്.

2) മുൻ വർഷങ്ങളിൽ നൽകിയ 75000 ഗ്രോബാഗ് യൂണിറ്റുകളിൽ (ഒരു യൂണിറ്റിന് 200 രൂപ വീതം) വീണ്ടും കൃഷി ചെയ്യാനായി വിത്ത്, തൈകൾ മറ്റ് ഉല്പാദന ഉപാധികൾ എന്നിവയും നൽകിയിട്ടുണ്ട്.
3) മാലിന്യ സംസ്കരണത്തിനായി 2600 എണ്ണം ചെറുകിട കമ്പോസ്റ്റ് യൂണിറ്റുകൾ (യൂണിറ്റൊന്നിന് 2,500/- രൂപ നിരക്കിൽ) നിർമ്മിക്കുവാൻ ധനസഹായം നൽകിയിട്ടുണ്ട്.
4) 2250 ചെറുകിട തുള്ളിനന / തിരിനന യൂണിറ്റുകൾ (യൂണിറ്റൊന്നിന് 2,000/- രൂപ നിരക്കിൽ) സ്ഥാപിക്കുവാനും ധനസഹായം നൽകി.
5) കൂടാതെ റസിഡൻഷ്യൽ അസോസിയേഷനുകൾ കേന്ദ്രീകരിച്ച് 50 എണ്ണം ഹരിത ഗ്രൂപ്പുകൾ രൂപീകരിക്കുവാൻ (ഗ്രൂപ്പൊന്നിന് 50,000/- രൂപ നിരക്കിൽ) ധനസഹായം നൽകുന്നു. ഗ്രൂപ്പുകൾ രൂപീകരിച്ച് രജിസ്റ്റർ ചെയ്ത് പ്രവർത്തനം തുടങ്ങിയിട്ടുണ്ട്.
6) കൃഷിയ്ക്കായി സ്ഥലപരിമിതി എന്ന കുറവ് മറികടക്കുവാൻ 10 സ്ക്വയർ മീറ്റർ, 20 സ്ക്വയർ മീറ്റർ വിസ്തൃതിയുള്ള 145 മിനിപോളിഹൗസുകൾ നിർമ്മിച്ചു വരുന്നു (10 സ്ക്വയർ മീറ്ററിന് - 45,000/- രൂപ, 20 സ്ക്വയർ മീറ്റർ - 65,000/- രൂപയും ധനസഹായം നൽകുന്നു).

സമഗ്ര പച്ചക്കറി വികസന പദ്ധതിയിലെ ഒരു ഘടകമായ ഇന്നവേഷൻ ഫണ്ട് എന്ന ഘടകത്തിൽ ഹൈഡ്രോപോണിക്സ് രീതിയും ഉൾപ്പെടുത്തി നടപ്പിലാക്കാൻ അനുവാദം നൽകുന്നുണ്ട്.

സെക്ഷൻ ഓഫീസർ